


# FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/07/2024

1. കൃഷിവകുപ്പ് സംസ്ഥാനതലത്തിൽ കഴിഞ്ഞ വർഷങ്ങളിൽ നൽകി വന്നിരുന്ന കർഷക അവാർഡുകൾക്ക് പുറമെ പുതിയതായി നാലു അവാർഡുകൾ കൂടെ ഉൾപ്പെടുത്തി ആകെ 41 അവാർഡുകളിലേക്ക് അപേക്ഷ ക്ഷണിക്കാൻ കൃഷി വകുപ്പ് തീരുമാനിച്ചു. കേരളത്തിലെ മുൻ മുഖ്യമന്ത്രിയും ആദ്യ മന്ത്രിസഭയിലെ കൃഷിവകുപ്പ് മന്ത്രിയുമായിരുന്ന ശ്രീ. സി. അച്യുതമേനോന്റെ പേരിൽ കാർഷിക മേഖലയിൽ മികച്ച പ്രവർത്തനം നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകുന്ന **ശ്രീ. സി. അച്യുതമേനോൻ സ്മാരക അവാർഡ്,** മികച്ച കാർഷിക ഗവേഷണത്തിന് നൽകുന്ന **എം.എസ് സ്വാമിനാഥൻ അവാർഡ്,** അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ (2023മില്ലറ്റ് പദ്ധതി) മികവോടെ നടപ്പിലാക്കിയ **കൃഷി ഭവനു നൽകുന്ന അവാർഡ്,** കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന **ട്രാൻസ്ജെൻഡർ വിഭാഗത്തിലുള്ള വ്യക്തിക്ക് നൽകുന്ന അവാർഡ്** എന്നീ നാല് പുതിയ അവാർഡുകളാണ് കൃഷി വകുപ്പ് ഈ വർഷം മുതൽ ഏർപ്പെടുത്തുന്നത്. അപേക്ഷകൾ അതാത് കൃഷിഭവനുകളിൽ സ്വീകരിക്കുന്നതായിരിക്കും കൃഷിഭവനിൽ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി **25.07.2024 ആണ്.** കൃഷിഭവനും പഞ്ചായത്തിനും കർഷകരെ വിവിധ അവാർഡുകൾക്കായി നാമം നിർദ്ദേശം ചെയ്യാവുന്നതാണ്. **ക്ഷോണി സംരക്ഷണ അവാർഡിനുള്ള** അപേക്ഷകൾ അതായത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കും **കർഷക ഭാരതി അവാർഡി**നുള്ള അപേക്ഷകൾ **27.07.2024** ന് മുൻപ് ലഭിക്കത്തക്കവിധം പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഫാം ഇൻഫർമേഷൻ ബ്യൂറോക്കുമാണ് സമർപ്പിക്കേണ്ടത്. അവാർഡ് സംബന്ധിച്ച വിശദവിവരങ്ങൾക്ക് keralaagriculture.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

2. സംസ്ഥാനത്ത് വീണ്ടും നിപ വൈറസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ആരോഗ്യവകുപ്പിനൊപ്പം നടപടികളിലേക്ക് കടന്ന് മൃഗസംരക്ഷണ വകുപ്പും. അഞ്ച് കിലോമീറ്റർ ചുറ്റളവിൽ വവ്വാലുകളുടെ സാന്നിധ്യം നിരീക്ഷിക്കാനും ഒരു കിലോമീറ്റർ ചുറ്റളവിൽ വളർത്തുമൃഗങ്ങളിൽനിന്ന് സിറം ശേഖരിച്ച് പരിശോധന നടത്താനുമാണ് തീരുമാനം. ഭോപ്പാലിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈസെക്യൂരിറ്റി അനിമൽ ഡിസീസിലാണ് സാമ്പിളുകൾ പരിശോധിക്കുക. മൃഗസംരക്ഷണ വകുപ്പ് നൽകുന്ന നിപ ജാഗ്രത നിർദ്ദേശങ്ങൾ. വവ്വാലുകൾ കടിച്ച ചാമ്പങ്ങ, പേരക്ക, മാമ്പഴം തുടങ്ങിയവ ഒഴിവാക്കുക, വീട്ടുമുറ്റത്തും പറമ്പിലും വീണുകിടക്കുന്ന പഴങ്ങളെടുക്കുമ്പോൾ ശ്രദ്ധ വേണം. വവ്വാൽ കടിച്ച പഴങ്ങളിൽ അതിന്റെപാടുണ്ടാകും. അങ്ങനെയുള്ള പഴങ്ങൾ എടുത്താൽ കൈകളിലേക്ക് വൈറസ് പകരും, വവ്വാൽ കടിച്ചെന്ന് സംശയിക്കുന്ന പഴങ്ങൾ ഒരു കാരണവശാലും കഴിക്കരുത്. അത് മണ്ണിൽ കുഴിച്ചുമൂടണം. ഇവ മൃഗങ്ങൾക്കും കഴിക്കാൻ നൽകരുത്, ഇത്തരം പഴങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കൈകൾ വൃത്തിയായി കഴുകണം.

3. വയനാട് ജില്ലയിലെ ക്ഷീരകർഷകർക്ക് അടിയന്തര സഹായം നൽകാൻ അഞ്ചു ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി ജെ ചിഞ്ചുറാണി അറിയിച്ചു. മഴയും വെള്ളപ്പൊക്കവുംമൂലം കന്നുകാലികൾക്ക് തീറ്റപ്പുല്ല്, വൈക്കോൽ എന്നിവ ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്. ക്ഷീരവികസന വകുപ്പിന്റെപദ്ധതി വിഹിതത്തിൽ നിന്നാണ് തുക അനുവദിച്ചത്.

4. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിലെ കൊക്കോ ഗവേഷണ കേന്ദ്രത്തിൽ അസിസ്റ്റൻറ് പ്രൊഫസർ (കോൺട്രാക്ട്) തസ്തികയിലെ ഒഴിവിലേക്കായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. അഗ്രോണമിയിൽ ബിരുദാനന്തര

ബിരുദമാണ് യോഗ്യത. സർട്ടിഫിക്കറ്റ് അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂലൈ 29ന് രാവിലെ 9.30ന് കൊക്കോ ഗവേഷണ കേന്ദ്രം വെള്ളാനിക്കരയിൽ അഭിമുഖത്തിന് എത്തിച്ചേരേണ്ടതാണ് കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് www.kau.in സന്ദർശിക്കുക. ബന്ധപ്പെടേണ്ട ഫോൺ നമ്പർ:0487 2438451.

5. ക്ഷീരവികസന വകുപ്പ് 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികളിലേക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 31 വരെ നീട്ടി. www.ksheerasree.kerala.gov.in എന്ന പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്.

6. ക്ഷീരവികസനവകുപ്പ് ജില്ല ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും തലയോലപ്പറമ്പ് ക്ഷീരസഹകരണ സംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ക്ഷീരോത്പാദകരേയും ഉപഭോക്താക്കളേയും ഉൾപ്പെടുത്തി പാൽ ഗുണനിലവാര ബോധവൽക്കരണ പരിപാടി ഇന്ന് (ജൂലൈ 23) രാവിലെ 10.00 മണി മുതൽ തലയോലപ്പറമ്പ് ക്ഷീരോത്പാദക സഹകരണ സംഘം ഹാളിൽ വെച്ച് നടത്തപ്പെടുന്നതാണ്. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ദർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീര കർഷകർ ഉൽപാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നു.

7. ക്ഷീരവികസനവകുപ്പ് ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും ഉദയനാപുരം ക്ഷീരസഹകരണസംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ക്ഷീരോല്പാദകരേയും, ഉപഭോക്താക്കളെയും ഉൾപ്പെടുത്തി പാൽ ഗുണനിലവാര ബോധവൽക്കരണപരിപാടി 2024 ജൂലൈ 24-ാം തിയതി രാവിലെ 9.30മണി മുതൽ ഉദയനാപുരം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഹാളിൽ വച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തപ്പെടുന്നതാണ്. ക്ഷീരവികസന വകുപ്പിലെ സാങ്കേതിക വിദഗ്ധർ പരിപാടിയിൽ ക്ലാസ്സുകൾ നയിക്കുന്നതാണ്. ഈ പരിപാടിയിലൂടെ ക്ഷീരകർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയ വശങ്ങളെക്കുറിച്ച് ബോധവൽകരണം നടത്തുന്നു.

8. കേരളസർക്കാർ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (പി.എം.എം.എസ്.വൈ) പദ്ധതിയുടെ ഘടക പദ്ധതികളായ ലൈവ്ഫിഷ് വെൻഡിങ് സെൻ്റർ, ഫിഷ്കിയോസ്ക് എന്നിവയിലേക്ക് അപേക്ഷിക്കാം. താൽപര്യമുള്ള അപേക്ഷകർ ജൂലൈ 25 ന് മുമ്പായി രേഖകൾ സഹിതം അതത് മത്സ്യഭവനുകളിലോ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലായത്തിലോ അപേക്ഷ സമർപ്പിക്കണം. വിശദ വിവരങ്ങൾക്ക് 0494-2420035 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

9. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. ഇന്ന് (ജൂലൈ 23) ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലന മാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം